**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

10.02.2020 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1543**

## തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാ രീതി തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ; | (എ) | ഓരോ ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി വാർഡിലേക്കും പ്രത്യേകം പ്രത്യേകം വോട്ടർപട്ടികയാണ് തയ്യാറാക്കുന്നത്. 2020 ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് 2020 ജനുവരി 1നോ അതിന് മുമ്പോ 18 വയസ് പൂർത്തിയായതും പ്രസ്തുത വാർഡിലെ സാധാരണ താമസക്കാരനായിരിക്കുകയും ചെയ്യുന്ന ഒരു ഭാരത പൗരന് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ സ്ഥിരബുദ്ധി ഇല്ലാത്ത ആളായിരിക്കുകയോ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച അഴിമതി പ്രവൃത്തികളാൽ വോട്ട് രേഖപ്പെടുത്തുന്നതിൽ നിന്ന് അയോഗ്യനാക്കിയിട്ടുള്ളതോ ആയ ഒരാളിന് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. പേര് ചേർക്കുന്നതിന് lsgelection.kerala.gov.in എന്ന സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ (ഫാറം 4) സമർപ്പിക്കേണ്ടത്. അപേക്ഷ അയക്കുന്ന വേളയിൽ ലഭിക്കുന്ന ഹിയറിംഗ് |

| | | | |
|---|---|---|---|
| | | | നോട്ടീസ് പ്രകാരം ബന്ധപ്പെട്ട ഇലക്ടൽ രജിസ്ട്രേഷൻ മുമ്പാകെ ഹാജരായി വിവരങ്ങൾ നൽകേണ്ടതാണ്. |
| (ബി) | ഓരോ തദ്ദേശ സ്ഥാപനത്തിലും ഇതിന് വേണ്ടി പ്രത്യേകം ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം, അവരുടെ ചുമതലകൾ എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ; | (ബി) | വോട്ടർപട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും അതാത് സ്ഥാപനത്തിന്റെ സെക്രട്ടറിമാരെ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാരായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറിമാരെയാണ് ഇതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവരെ സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഒരു അസ്സിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക് എന്നിവരിൽ ഒരാളെയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിൽ ഒന്നിലധികം അസ്സിസ്റ്റന്റ് എഞ്ചിനീയർ/ ജൂനിയർ സൂപ്രണ്ട്/ പി.എ ടു സെക്രട്ടറി തുടങ്ങിയവരെയും അസ്സിസ്റ്റന്റ് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇലക്ഷൻ ക്ലാർക്ക് /ടെക്നിക്കൽ അസ്സിസ്റ്റന്റ് എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളിൽമേൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടത് ഇവരുടെ ചുമതലയാണ്. |
| (സി) | വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെട്ടാൽ അപേക്ഷ നൽകുന്നതിനുള്ള അപ്പീൽ | (സി) | ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അപ്പീൽ അധികാരി അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ്. എന്നാൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ |

| | | | |
|---|---|---|---|
| | അതോറിറ്റികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; | | കോർപ്പറേഷൻ എന്നിവ സംബന്ധിച്ച് അപ്പീൽ അധികാരി അതാത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരാണ്. എന്നാൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സമയ വിവര പട്ടിക നിലവിൽ ഇല്ലാത്ത സമയത്ത് അപേക്ഷ നിരസിച്ചത് സംബന്ധിച്ചുള്ള അപ്പീൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സമർപ്പിക്കേണ്ടത്. |
| (ഡി) | 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വാർഡ് വിഭജന നടപടികൾ അറിയിക്കാമോ; | (ഡി). | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | മലപ്പുറം ജില്ലയിലെ മലപ്പുറം, കൊണ്ടോട്ടി, അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകളിലും അവയുടെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലും വർദ്ധിക്കാൻ സാധ്യതയുള്ള വാർഡുകളുടെ എണ്ണം അറിയിക്കാമോ? | (ഇ) | ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ